(ബി) കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഏതു വർഷം വരെ വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ ;

(സി) വിവാഹ ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2000 രൂപ വീതം

(ബി) 2010 മാർച്ച് മാസം വരെ സമർപ്പിക്കപ്പെട്ട അപേക്ഷകളിൻമേലാണ് ഇപ്പോൾ ആനുകൂല്യം നൽകിവരുന്നത്. 56441 അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ്റൂം

253 (961) ശ്രീ. പാലോട് രവി :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വെർച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വെർച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 34 സർക്കാർ ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ്റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവരസാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക്സ് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്വൽ ക്ലാസ്റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ധപരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ, ഒരു ക്ലാസ്സ് മുറിയിലോ നൽകുന്ന പരിശീലനം വിവരസാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ.-കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ സാങ്കേതിക വിദ്യമൂലം സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവംമൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും.

(സി) ഇതിനായി ആധുനിക വിവര സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. കമ്പ്യൂട്ടർ, സിമെട്രിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്വൽ ക്ലാസ്റൂം പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ.എൽ.-ന്റെ സേവനം ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി ഉപയോഗിക്കുന്നു.

ശരണ്യ പദ്ധതി

254 (962) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശരണ്യ പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കുവാനുണ്ട്; പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly